**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **06-08-2021 - ൽ മറുപടിയ്ക്ക്**

**മാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യ വിപണന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്താനും മാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കാനും ആധുനീകരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര/സംസ്ഥാന/കിഫ്ബി ധന സഹായം മുഖേന സംസ്ഥാനമൊട്ടാകെ ആധുനിക മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല തന്നെ സജ്ജമാക്കി വരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാ വശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടു കൂടിയ വിപണന സ്റ്റാളുകളും, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സ്ഥല സൗകര്യം അനുസരിച്ച് മത്സ്യമാർക്കറ്റുകളിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ് ലറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ